(ബി) ഒരു വീട് ഒരു വ്യവസായ യൂണിറ്റ് എന്ന ഉദ്ദേശത്തോടെ household industry പ്രോത്സാഹിപ്പിക്കുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഉൽപ്പാദന വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ആശയം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഉൽപ്പാദന മേഖലയിലെ വലിയ സംരംഭകരെ വ്യവസായ ഗ്രാമമായി തെരഞ്ഞെടുക്കുന്ന പ്രദേശത്തേക്ക് ക്ഷണിച്ചുവരുത്തി ആ പ്രദേശത്തെ തത്പരരായ ജനങ്ങൾക്ക് raw material/product components എന്നിവ പ്രസ്തുത സംരംഭങ്ങളെക്കൊണ്ട് ലഭ്യമാക്കിപ്പിച്ച് ഉത്പന്നമുണ്ടാക്കി കൂട്ടിയിണക്കി അവരെ തന്നെ തിരികെ ഏൽപ്പിക്കുകയെന്നുള്ളതാണ് ഇതിന്റെ പ്രവർത്തനരീതി. ഇതിന് വേണ്ടി പരിശീലനം ആവശ്യമുള്ള ചെറുസംരംഭങ്ങൾക്ക് / ജനങ്ങൾക്ക് പഞ്ചായത്തിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ടുന്ന സഹായം നൽകുന്നു. ഇതിലൂടെ ജനങ്ങൾക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാകുന്നു.

(സി) പന്മന വ്യവസായ ഗ്രാമവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് പന്മന ഗ്രാമപഞ്ചായത്തും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രവുമാണ്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ പെരുമാറ്റദൂഷ്യം

202 (4193) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വാണിജ്യവകുപ്പിന് കീഴിലുള്ള കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എസ്. സുരേഷ് കുമാറിന്റെ പെരുമാറ്റ ദൂഷ്യത്തിനെതിരായി ഇതേ ഓഫീസിലെ വനിതാ ജീവനക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഒരു അസി. ഡയറക്ടർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അസി. ജില്ലാ വ്യവസായ ഓഫീസർ, ഒരു ജൂനിയർ സൂപ്രണ്ട് എന്നിവർ 9-10-2014-ൽ നൽകിയ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ അതേ തസ്തികയിൽ തൽസ്ഥാനത്ത് തുടർന്നു കൊണ്ട് പരാതിക്കാർക്ക് എതിരെ പ്രതികാര നടപടി തുടരുന്ന സാഹചര്യത്തിൽ ടിയാളെ ജനറൽ മാനേജർ സ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൊഴിൽ സ്ഥലങ്ങളിൽ വനിതകൾക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യം നിഷേധിക്കപ്പെടുകയും പരാതിക്കാർ പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗത്തിൽപ്പെടുന്നവരായിട്ടും അടിയന്തരമായി തീരുമാനം ആകാതെ പോകുന്നതിനാൽ ഇരകളാകുന്ന പരാതിക്കാർ പക പോക്കലിനും കൂടുതൽ പീഡനത്തിനും ഇരയാകുകയും ചെയ്യും എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരായ ശ്രീ.പി.എസ്. സുരേഷ് കുമാറിനെതിരായി ടി ഓഫീസിലെ വനിതാ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള പരാതിയിന്മേൽ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത പരാതിയിന്മേൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ട് ഉടൻതന്നെ സർക്കാരിന് സമർപ്പിക്കുന്നതാണെന്നും വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊഴിൽ മേഖലയിൽ വിവര സാങ്കേതിക വിദ്യയുടെ ശരിയായ വിനിയോഗം

203 (4194) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവര സാങ്കേതിക വിദ്യയുടെ ശരിയായ വിനിയോഗം സാധ്യമാക്കി മെച്ചപ്പെട്ട ഉത്പാദനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പരമ്പരാഗത തൊഴിൽ മേഖലയിൽ വിവര സാങ്കേതിക വിദ്യ പ്രയോഗിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു പറയാമോ ;

(ബി) കേരളത്തിലെ തകരുന്ന കയർ വ്യവസായത്തെ രക്ഷിക്കുവാൻ ആധുനിക സാങ്കേതിക വിദ്യകളും വിവര സാങ്കേതിക സാധ്യതകളും വിനിയോഗിച്ച് തൊഴിൽ നഷ്ടം ഇല്ലാത്ത വിധം ഒരു പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രതിദിനം 8 മണിക്കൂർ കൊണ്ട് ഏകദേശം 60 കിലോഗ്രാം കയർ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർപിരിക്കാൻ കഴിയുന്നതുമായ ആധുനിക ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എൻ.സി.ആർ.എം.ഐ.)

LIBRARY ARCHIVES Kerala Legislative Assembly